LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

37 (2275) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഗാർഹിക-ഗാർഹികേതര വൈദ്യുതി നിരക്കുകൾ യൂണിറ്റിന് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2014-ൽ വൈദ്യുതി ചാർജ്ജ് യൂണിറ്റിന് എത്ര രൂപ വർദ്ധിപ്പിച്ചു എന്നും ഈ വർദ്ധനയ്ക്ക് കാരണമെന്തായിരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത്, ഇപ്പോൾ നിലവിലുള്ള ഗാർഹിക-ഗാർഹികേതര വൈദ്യുതി നിരക്കുകളും ഓരോ വിഭാഗത്തിലും, 2014-ൽ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവും അനുബന്ധം I-ൽ കൊടുത്തിരിക്കുന്നു.* വൈദ്യുതി വാങ്ങൽ ചെലവ്, എല്ലാ വർഷവും 8 മുതൽ 10 ശതമാനം വരെ വർദ്ധിച്ചു വരികയാണ്. ഇതുകൂടാതെ പണപ്പെരുപ്പംമൂലവും വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതു വഴിയും വൈദ്യുതി സംബന്ധമായ സാധന സാമഗ്രികളിലുണ്ടായ വില വർദ്ധനവു കാരണവും, വൈദ്യുതി ബോർഡിന്റെ തേയ്മാന ചെലവുകൾ, റിപ്പയർ & മെയിന്റനൻസ് ചെലവുകൾ, ഭരണച്ചെലവുകൾ മുതലായവ വർദ്ധിച്ചു വരികയാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്തെ വൈദ്യുതി ചെലവുകൾ പ്രതിവർഷം 10 ശതമാനത്തോളം വർദ്ധിക്കുന്നുണ്ട്. ഇതു കൂടാതെ മുൻകാലങ്ങളിൽ ചെലവിനനുസൃതമായി വൈദ്യുതി നിരക്ക് പരിഷ്കരിക്കാത്തതു കാരണം, ബോർഡിന്റെ റവന്യൂകമ്മി ഓരോ വർഷവും വർദ്ധിച്ചു വരികയും ടി കമ്മി നികത്തുന്നതിന്, ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തതു കാരണം പലിശ ചെലവുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടി കാരണങ്ങളാൽ, വൈദ്യുതി ചെലവുകൾ വർഷംതോറും വർദ്ധിച്ചു വരുകയും, തത്ഫലമായി വൈദ്യുതി താരിഫ് വർദ്ധിപ്പിക്കേണ്ടി വരികയും ചെയ്യുന്നു.

വൈദ്യുതി മേഖലയിലെ അപകടങ്ങളും -സുരക്ഷാ ക്രമീകരണങ്ങളും

38 (2276) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏർപ്പെടുത്തിയിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ലൈനിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ എന്തെല്ലാം സജ്ജീകരണങ്ങളും സുരക്ഷാ ഉപകരണങ്ങളുമാണ് ഉണ്ടായിരിക്കേണ്ടത് ; ആയത് കെ.എസ്.ഇ.ബി.-ക്ക് ആവശ്യാനുസരണം ഉണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഉല്പാദന പ്രസരണ വിതരണ മേഖലയിൽ സുരക്ഷയ്ക്കായി ഉണ്ടായിരിക്കേണ്ട ഉപകരണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വൈദ്യുത മേഖലയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങളെ ഒഴിവാക്കാൻ സഹായിക്കുന്ന എല്ലാവിധ ആധുനിക ഉപകരണങ്ങളും വാഹനങ്ങളും കെ.എസ്. ഇ.ബി.-ക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള വൈദ്യുതി വിതരണ ശൃംഖല ബലപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി അപകടരഹിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ക്രമീകൃതമായി നടത്തി വരുന്നുണ്ട്. അറ്റകുറ്റപ്പണികൾക്കിടയിൽ സുരക്ഷാ പരിപാലനത്തിനായി പ്രത്യേക ചട്ടങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ പ്രധാന മായതാണ് പെർമിറ്റ് ടു വർക്ക് (Permit To Work-PTW) സമ്പ്രദായം. സുരക്ഷാ ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സുരക്ഷാ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡ് ജീവനക്കാർക്കും കെ.എസ്.ഇ.ബി.-യുടെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുന്ന കോൺട്രാക്ട് തൊഴിലാളികൾക്കും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്കും കോൺട്രാക്ട് തൊഴിലാളികൾക്കും സുരക്ഷാ ബോധവൽക്കരണത്തിനുള്ള സുരക്ഷാ ക്ലാസ്സുകളും പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്.

(ബി) ഹെൽമെറ്റ്, സുരക്ഷാ ബെൽറ്റ്, എർത്ത് റോഡ്, കയ്യുറ, ഏണി, ബൂട്ടുകൾ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും സുരക്ഷാ ഉപകരണങ്ങളും കെ.എസ്.ഇ. ബി.-യിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികളുടെ സ്വഭാവം അനുസരിച്ച് മേൽനോട്ടം വഹിക്കുന്നവർക്കും ജോലി ചെയ്യുന്നവർക്കും ഒരു പോലെ സുരക്ഷ ഉറപ്പു വരുത്തുന്ന PTW സമ്പ്രദായം കേരളത്തിലെ എല്ലാ സെക്ഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉല്പാദന മേഖലയിൽ സുരക്ഷയ്ക്കായി ഹെൽമെറ്റ്, സുരക്ഷാ ബെൽറ്റ്, മാറ്റ്, എർത്തിംഗ് മെക്കാനിസം, ആർക്ക് സ്യൂട്ട്, ഗംബൂട്ട്, കയ്യുറ, അഗ്നിശമന സംവിധാനങ്ങൾ എന്നിവയും പ്രസരണ മേഖലയിൽ എർത്ത് റോഡ്, ഹെൽമറ്റ്, ഏണി, കയർ, സേഫ്റ്റി ബെൽറ്റ്, ഗംബൂട്ട്, കയ്യുറ, മാറ്റ്, എർത്തിംഗ് കിറ്റ്, അഗ്നിശമന സംവിധാനങ്ങൾ എന്നിവയും വിതരണ മേഖലയിൽ എർത്ത് റോഡ്, ഏണി, കയർ, കയ്യുറ, ഹെൽമെറ്റ്, ഷൂസ്, എർത്തിംഗ് കിറ്റ്, സേഫ്റ്റി ബെൽറ്റ് എന്നിവയും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

(ഡി) അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു Centralised Yearly Rate Contract System നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ ജൂനിയർ അസിസ്റ്റന്റ് - കാഷ്യർ ഒഴിവുകൾ

39 (2277) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ജൂനിയർ അസിസ്റ്റന്റ് - കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഏതെങ്കിലും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ ഉണ്ടോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 636 ഒഴിവുകൾ നിലവിലുണ്ട്.

162 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വൈദ്യുതി ബോർഡിലെ കംപ്യൂട്ടർവത്ക്കരണം പൂർത്തിയായിവരികയും ഓൺലൈൻ പേമെന്റ് സംവിധാനം വ്യാപകമായി ഉപയോഗിച്ചു തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ ഈ കാറ്റഗറിയിലെ തസ്തിക പുനർ നിർണ്ണയിച്ചശേഷം മാത്രമേ പുതിയതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly